## പതിനാലാം കേരളനിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1626** **06.03.2017 ൽ മറുപടിയ്ക്ക്**

### പഞ്ചായത്ത് വകുപ്പിൽ അക്കൗണ്ടന്റ് തസ്തിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ഡോ.കെ.ടി ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ) | |
| (എ) | പഞ്ചായത്ത് വകുപ്പിൽ അക്കൗണ്ടന്റ് തസ്തികയിലേയ്ക്കുള്ള പ്രൊമോഷന് എന്തൊക്കെ മാനദണ്ഡങ്ങളാണ് നിഷ്കർഷിച്ചിട്ടുള്ളത്; | (എ) | വകുപ്പിലെ സീനിയർ ക്ലാർക്കുമാരിൽ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ അക്കൗണ്ടന്റ്തസ്തികയിൽ ജോലി നോക്കാൻ സമ്മതപത്രം നൽകുന്ന ജീവനക്കാർക്കാണ് ടി തസ്തികയിലേയ്ക്ക് കെ.എസ്&എസ്.എസ്.ആർ ചട്ടം 9(സി) പ്രകാരം താൽക്കാലിക പ്രൊമോഷൻ നൽകാറുള്ളത്. |
| (ബി) | അന്യത്രസേവനത്തിൽ പ്രവർത്തിച്ചുവരുന്ന എത്ര പേർക്കാണ് പഞ്ചായത്ത് ഡയറക്ടറുടെ 03.01.2017 ലെ ഇ 13/2007, 18815/2015 നമ്പർ ഉത്തരവ് പ്രകാരം അക്കൗണ്ടന്റ്തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകിയത്; | (ബി) | അന്യത്രസേവനത്തിലുള്ളതും സമ്മതപത്രം ഹാജരാക്കിയതുമായ ഒരു സീനിയർ ക്ലാർക്കിനാണ് 03.01.2017 ലെ ഉത്തരവിൽ അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് താൽക്കാലിക പ്രൊമോഷൻ നൽകിയത്. |
| (സി) | അന്യത്രസേവനത്തിൽ പ്രവർത്തിച്ചുവരുന്ന എത്ര ജീവനക്കാരെയാണ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്കുള്ള പ്രൊമോഷന് പ്രസ്തുത ഉത്തരവിൽ നിന്നും ഒഴിവാക്കിയതെന്നും അതിന്റെ കാരണമെന്തെന്നും അറിയിക്കുമോ; | (സി) | ആരെയും ഒഴിവാക്കിയിട്ടില്ല. അന്യത്രസേവനത്തിലുള്ള 03.01.2017 ലെ ഉത്തരവിന്റെ സീനിയോറിറ്റി പരിധിയിൽ വരുന്ന സമ്മതപത്രം നൽകിയ എല്ലാ സീനിയർ ക്ലാർക്കുമാർക്കും അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് താൽക്കാലിക പ്രൊമോഷൻ നൽകിയിട്ടുണ്ട്. |
| (ഡി) | ഈ ജീവനക്കാർക്കുകൂടി അക്കൗണ്ടന്റ്തസ്തികയിലേയ്ക്കുള്ള പ്രൊമോഷനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് സമ്മതപത്രം നൽകാൻ വിട്ടുപോയ അന്യത്രസേവനത്തിലുള്ള സീനിയർ ക്ലാർക്കുമാർക്ക് ഡിക്ലറേഷൻ നൽകുന്നതിന്റെ അടിസ്ഥാനത്തിൽ പ്രൊമോഷൻ പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ